MR. PRESIDENT : May I know whether Mr. P. S. Muhammed is pressing the motion?

MR. P. S. MUHAMMED ; I press it.

MR. PRESIDENT : പാർലമെൻററി നടപടിയനുസരിച്ച് അടിയന്തിരപ്രമേയത്തിൽ ഒരു തർക്കം ഉൾപ്പെട്ടിരിക്കണമെന്നാണ് വ്യവസ്ഥ. അങ്ങിനെ ഒരു തർക്കം ഈ അടിയന്തിരപ്രമേയത്തിൽ കാണുന്നില്ല. ഗവൺമെൻറിൻെറ ഏതെങ്കിലും പ്രവൃത്തികൊണ്ടാണ് നിരാഹാരവ്രതം നടക്കുന്നതെന്നു കാണുന്നില്ല. മാത്രമല്ല ഈ സഭയുടെ നേതാവു അതിനെ നിഷേധിക്കുകയും ചെയ്തിട്ടുണ്ട്. ഈ നിരാഹാരവ്രതം നിറുത്തുന്നതിന് അവർ വിചാരിച്ചാൽ നിഷ്പ്രയാസം സാധിക്കുന്നതാണ്. അതു ഗവൺമെൻറിൻെറ ഭരണപരമായ ഉത്തരവാദിത്വത്തിൽപ്പെട്ട ഒരു സംഗതിയല്ല. ഈ കാരണങ്ങളാൽ ഈ അടിയന്തിരപ്രമേയം അവതരിപ്പിക്കുന്നതിനുള്ള അനുവാദം ഞാൻ നിഷേധിച്ചിരിക്കുന്നു.

## RULING *RE* POINT OF ORDER ON THE PRIVILEGES OF THE HOUSE.

MR. PRESIDENT : With regard to the point of order raised by Mr. P. M. Varghese on the 18th instant, I make the following ruling:

The point raised is in regard to a statement issued by Mr. N. Srikantan Nair published in 'Kerala Kaumudi' dated 17th August 1948 alleging that the Honourable Minister's answer, to a question regarding the grant of bonus to the Chavara Mineral Workers, given on the floor of this House was incorrect. This is not a matter affecting any of the privileges of the House. The question touching the correctness of an answer cannot be said to be a question affecting the privileges of the House. Any action that may be taken, may be taken outside the House and without reference to any direction from the House. The responsibility, for the publication of the statement, has also been taken by the person who published that statement and there is no infringement of privilege by the paper.

In this connection, it has to be pointed out that it is open to this House to appoint a Committee of Privileges to consider and make recommendations in regard to breaches of privileges committed by persons in and outside the House, and the steps that should be taken to vindicate such privileges. For this purpose, a motion may be made by a member and if it is accepted by the House, immediate steps will be taken to appoint a Committee. In the House of Commons such a Committee is appointed at the commencement of every session. (Read page 134 May's Parliamentary Practice.) The House of Commons also exercise jurisdiction to punish.

LIBRARY ARCHIVES Kerala Legislative Assembly

[Mr. President.]

The safeguarding of the privileges of the House and the punishment for violation of such privileges may require a legislative enactment. It must be open to the Committee to make recommendations in this regard also.

## LEGISLATIVE BUSINESS (NON—OFFICIAL)
## THE TRAVANCORE PREVENTION OF CORRUPTION BILL

HON'BLE MR. A. THANU PILLAI: ഈ ആൻറി കറപ്ഷൻ ബിൽ അവതരിപ്പിക്കണമോ എന്ന് എൻെറ സ്നേഹിതൻ മി. ചാക്കോ ഒന്നുകൂടി ആലോചിക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്. കറപ്ഷൻ നീക്കുന്നതിന് കഴിവുള്ളതെല്ലാം ചെയ്യുവാൻ ഗവണ്മെൻറു ഉദ്ദേശിക്കുന്നുണ്ട്. ഇൻഡ്യാ ഗവണ്മെൻറിലുള്ളതുപോലെ ഒരു ബിൽ ഇവിടെ അവതരിപ്പിക്കണമെന്നും ഗവണ്മെൻറു ഉദ്ദേശിക്കുന്നുണ്ട്. എന്നുതന്നെയല്ല മി. ചാക്കോ അവതരിപ്പിക്കാനുദ്ദേശിക്കുന്നതായ ബില്ലിലെ തത്വങ്ങളെല്ലാം തന്നെ അപ്പാടെ ഗവണ്മെൻറിന് സ്വീകരിക്കാൻ നിവൃത്തിയില്ല. അതിലുള്ള ചില തത്വങ്ങൾ ഗവണ്മെൻറിന് സ്വീകാര്യമല്ലാത്തതുകൊണ്ടും ഈ ഉദ്ദേശത്തോടുകൂടിത്തന്നെ മറെറാരു ബിൽ അവതരിപ്പിക്കാൻ ഗവണ്മെൻറു ഉദ്ദേശിക്കുന്നതുകൊണ്ടും ഇപ്പോൾ ഈ ബിൽ അവതരിപ്പിക്കേണ്ട ആവശ്യമുണ്ടോ എന്നു മി. ചാക്കോ തന്നെ ഒന്നുകൂടി ആലോചിക്കണമെന്നാണ് ഞാൻ പറയുന്നത്.

MR. P. T. CHACKO: ഈ ബില്ലിലെ ചില തത്വങ്ങളോടു ഗവണ്മെൻറു യോജിക്കുന്നില്ല എന്നു പറയുന്നതുകൊണ്ടു ഈ ബില്ലിലെ തത്വങ്ങൾ എന്താണെന്നും അതിൽ ഗവണ്മെൻറിനു യോജിക്കാത്തവ ഏതെല്ലാമാണെന്നും വ്യക്തമാക്കാതെ അവതരിപ്പിക്കണമോ വേണ്ടയോ എന്ന കാര്യം തീരുമാനിക്കാൻ നിർവാഹമില്ല.

HON'BLE MR. A. THANU PILLAI: പ്രധാനമായിട്ടു ഗവണ്മെൻറുദ്യോഗസ്ഥന്മാരുടെ അഴിമതിക്ക് അവരുടെ മേൽ കേസ് എടുക്കുന്നതിന് ഗവണ്മെൻറിൻെറ അനുവാദം വേണ്ടെന്നാണ് ഈ ബില്ലിൽ പറയുന്നതു. അതു് ഗവണ്മെൻറിനു സ്വീകരിക്കത്തക്കതല്ല. മറെറാന്ന് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതു ഇപ്പോഴുള്ള നിയമത്തെ ശാശ്വതമായി ഭേദപ്പെടുത്തുന്ന ഒരു വ്യവസ്ഥയാണ്. ഗവണ്മെൻറു ആഫ് ഇൻഡ്യാ ഇപ്പോഴത്തെ ചില പ്രത്യേക പരിതസ്ഥിതികളെ കണക്കാക്കിയാണ് അങ്ങനെ ഒരു ബിൽ ഉണ്ടാക്കിയിട്ടുള്ളതു. ൩ വർഷക്കാലത്തേക്കു മാത്രം നടപ്പിലിരിക്കുന്നതായിട്ടേ അതിൽ വ്യവസ്ഥ ചെയ്തി

LIBRARY ARCHIVES Kerala Legislative Assembly